growing science of what may be called 'light and liquid nutriment'. In a solution containing all chemical manures suppose you put tomato or some other plant. You add some manure in certain kinds of fixation. There are also certain colours of light in this fixation. I have seen with mine own eyes a tomato grown without a single inch of soil, or plot of earth, tomato seven times as big as the tomato grown in ordinary soil. Now, these are scientific experiments which have revolutionised agriculture throughout the world. These can be attempted but cannot be attempted in 1/8 inch of an acre. It needs co-operation. When I say co-operation, it is not that I want to get rid of individual initiative, individual enterprise, individual enthusiasm. People who can afford these manures should act by themselves. A hundred people acting together may be able to do something. If today we are faced with the problem of food supply, we can only solve it by many people coming together, not by the eradication of the Joint family system, not by the eradication of the Christian system, not by the eradication of the Muslim law. With respect to all these things, let each man have his property or paddy and get income from that and have the satisfaction of owning that all by himself and for himself. But unless many persons belonging to the different families and communities can combine together to make an economic holding, we cannot make this experiment. We cannot devise those means. We cannot afford those materials by which alone cultivation can be enhanced. I make bold to say that, if an adequate measure of consolidation of holdings and of prevention of fragmentation accepting the national aspect, can be done we can be self-sufficient as to food. Why is it that the adjoining island of Ceylon produces about twice as many cocoanut as our own country, cocoanut twice as big as ours, though the climate is not different and the aptitude of the people are not different. But there, it is run on a plantation scale. By saying that I do not mean I want to create plantations here, to have the whole country divided into 10 or 12 holdings the owners of which alone will get everything and expropriate all the lands. Let us go back when we had essentially the ancient Indian system, namely the village system, the system which still exists in some places. People have been speaking about the Punjab. What is the vitality of the co-operative organisation in the Punjab. Until recently, in the Punjab the headman of the village was the only person to whom Government looked up for the collection of land revenue. He was so to say a kind of *pater familias*. It was possible for him to exercise a certain amount of suasion and persuasion to bring people to act together. It was therefore easy to start the co-operative movement there. It is very active now. All that is due to that feature. All that I can say is that those benefits can be derived by us only when we can rehabilitate that movement, or some similitude of that movement. You must make people come together, pool their resources, and see that the best manures, the best method of cultivation, the best seeds, expert advice and other things are procurable. That cannot be done excepting in plots of 10, 15 or 20 acres at the least. Take terracing, for example. I have been speaking of paddy cultivation by terracing, at least in the lower altitudes of some of our hills. That cannot be done in patches of half an acre. It must be done as a big, co-operative concern.

LIBRARY ARCHIVES Kerala Legislative Assembly

When the honourable members are discussing this resolution when public opinion is forming itself and expressing itself, let the following points be remembered. It is not the intention of Government to eradicate the social structure. They are keen. No one is more keen. They are keen that the Hindu system should exist; the Christian family should exist in full plenitude; the Moslem authorities should also pursue their ancient ways. But, for economic self-sufficiency, for economic rehabilitation, the Christian land owner, the adjacent Hindu land-owner and the adjacent Moslem land-owner all have to come together for the purpose of tilling their lands together, so that the cultivation may be alike and the same treatment will be given to lands alike in character. It may be utopian to speak of this. But, unless that utopia has got permanently in mind, we will not act. We will forget everything else. The imminent, the urgent, the almost painful necessity now is to grow our food in full quantities. Unless we are able to do that, there will be very little hope for us.

Now, the question of fragmentation of holdings is intimately connected with the consolidation of holdings. Fragmentation of holdings may go on until each shareholder has got only one-thousandth of an acre. That does not matter. In this connection Mr. Jebamony Nadar gave a most useful suggestion. Questions may be raised about the liability of particular sharers and as to how his property will be attached and what will take place after attachment and all the rest of it. There will be court auction and so forth. These are matters which have to be discussed and deliberated upon. But unless we in Travancore come together for the purpose 'of co-operative enterprise' I use that word in a wider sense in order to produce considerable quantities of food crops from our holdings by pursuing all the latest scientific methods of agriculture, and other cultures including those of fruit and various other commercial crops, we shall not be able to compete in the worldstruggle. Let us look at our position today. We have been relying upon Burma and Siam for our rice. Those sources are for the time being cut out. Vast tracts of China have been over-run. Scorched earth policy has been applied all over the world. For 5 or 10 years, there will be scarcity of food throughout the world. Science of manuring has been perfected, but it can be applied hereafter only at the next reordering of the world. It is all very well now for people to pinch themselves and to send all available food products to the fighting, embattled zones. But when the emergency is over, we shall have to rebuild, to rehabilitate our agriculture. During that process it will be found that very few people will lend us the food that we require. Therefore, it is essential for us to grow more food. If we have to grow more food, if we have to grow more cash crops in order to get the wherewithal to grow food we cannot go on as we are now doing, sub-dividing our holdings and conducting an uneconomic cultivation. Having said that,—I have said, I hope, sufficiently to show the urgency of the problem, Government do not want to rush the people to a decision. Government do not wish to take any one at a disadvantage.

LIBRARY ARCHIVES Kerala Legislative Assembly

Government, above all do not wish that there should be the slightest suggestion of a minority being catered for at the expense of the majority or *vice versa*. The co-operation of the public is an essential factor. But I fully realise that Government cannot but realise that such steps towards fragmentation, such investigation of consolidation cannot be done effectively as a Government measure. It must come from the people as a spontaneous impulse, as an outgrowth of the essence of the people, and it is in order that it may be of some little use in the growth of public opinion on these directions that I have sought to address the House.

In the voting of this matter, if the resolution is put to vote, the officials will not participate.

The resolution as amended was then put to vote and carried.

(At this stage, the Deputy President occupied the Chair.)

MR. KAVIYOR K. K. KOCHU KUNJU: – സർ,

"പ്രൊ വയസ്സ് തികഞ്ഞ വിദ്യാർത്ഥികളെ സ്കൂൾഫൈനൽസ് സർട്ടിഫിക്കറ്റ് പരീക്ഷയിൽ ചേർക്കാൻ പാടില്ലെന്നുള്ള രൂളിൽനിന്നും ന്യൂനപക്ഷക്കാരായ മറ്റു ഹിന്ദുക്കളും ഉൾക്കൊള്ളുന്ന സമുദായങ്ങളിലെ അവശരായ വിദ്യാർത്ഥികളെ ഒഴിവാക്കാൻ ദയവുണ്ടാക്കണമെന്നു ബഹുമാനപ്പെട്ട ഗവണ്മെന്റിനോട് ഈ അസംബ്ലി ശുപാർശ ചെയ്യുന്നു"

എന്നപ്രമേയം കരുണയേറിയ ഗവണ്മെന്റിന്റെയും ദയാലുവായ ഡയറക്ടർഅവർകളുടേയും അവശജന ഗുണകാംക്ഷികളായി ഇവിടെ സന്നിഹിതരായിട്ടുള്ള ജനപ്രനിധികളുടെയും വിലയേറിയവിചിന്തനത്തിനു ഞാൻ വിധേയമാക്കുന്നു. എന്റെ പ്രമേയം അവശരും ന്യൂനപക്ഷക്കാരും അടങ്ങിയ സമുദായങ്ങളിലെ വിദ്യാർത്ഥികളെമാത്രം സ്പർശിക്കുകയും മറുവിദ്യാർത്ഥികളെ ഉപേക്ഷിക്കയും ചെയ്തതിന്റെ കാരണമെന്താണെന്നു ചിലർ സംശയിച്ചേക്കാം. അങ്ങനെ സംശയിക്കുന്നുണ്ടെങ്കിൽ അവരോട് എനിക്കു പറയുവാനുള്ള അതിനുള്ള സമാധാനം, ഇവിടത്തെ അവശ സമുദായ വിദ്യാർത്ഥികൾക്കും പ്രബല സമുദായ വിദ്യാർത്ഥികൾക്കും തമ്മിൽ വിദ്യാഭ്യാസ വിഷയത്തിൽ സാമ്യമായ വ്യത്യാസം ഉണ്ടെന്നുള്ള കാരണം മാത്രമാണ്. അതിന്റെ ഫലമായിട്ടായിരിക്കണമെല്ലോ ബഹു: ഗവണ്മെൻറ് അവശ സമുദായ വിദ്യാർത്ഥികളെ കരുണാപൂർവ്വം സഹായിച്ചു വരുന്നതു... ഇപ്രകാരം അവശ സമുദായ വിദ്യാഭ്യാസപരിപോഷണത്തിനു ബഹു. ഗവണ്മെൻറു സാരമായ പ്രോത്സാഹനം ചെയ്തു വരുമ്പോൾ ചില ചെറിയ പ്രതിബന്ധങ്ങൾ നിമിത്തം അവരുടെ വിദ്യാഭ്യാസ പുരോഗതി തടയപ്പെട്ടുന്നു എങ്കിൽ അതു് ഗവർമ്മെൻറിന്റെ സദുദ്ദേശം സഫലമാക്കുന്നതിനു വിഘാതമായിത്തീരുന്നുവെന്നു ഗവർമ്മെൻറു ദയാപൂർവ്വം ചിന്തിക്കണം. ബഹു. ഗവർമ്മെൻറിനു സാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochu Kunju.]

രമായ ഒരു നഷ്ടവും വരുന്ന ഒരു കാര്യമല്ല ഞാൻ പറയുന്നതു. അവശ സമുദായ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിനു യോജിച്ചു യാതൊരു സൗകര്യങ്ങളും ഇല്ലായെന്നതും ഒരു തുറന്ന പരമാർത്ഥമാണു്. ഇപ്രകാരം മുള്ള സാധു വിദ്യാർത്ഥികൾ മറു സമുദായങ്ങളിലെ വിദ്യാർത്ഥികളെപ്പോലെ ഇരുപതു വയസ്സിനുമുമ്പു സ്കൂൾഫൈനൽ ക്ലാസ്സിൽ ചെന്നെത്തി എന്നു വരുന്നതല്ല. ചിലർക്കു അപ്രകാരം സാദ്ധ്യമായി എന്നു വരാം. ഈ നിലയിൽ ഇരിക്കുന്ന വിദ്യാർത്ഥികൾക്കു ബഹു. ഗവർമ്മെൻറു മനഃപൂർവ്വം സഹായം ചെയ്തില്ലെങ്കിൽ അവരിൽ പലരും നിരാശയോടുകൂടി ജീവിക്കേണ്ടതായിവരും. മേൽപ്പറഞ്ഞ നിയമത്തിൽനിന്നും ഇപ്രകാരമുള്ള സമുദായങ്ങളിലെ വിദ്യാർത്ഥികളെ ഒഴിവാക്കിയില്ലെങ്കിൽ അവരുടെ ഉന്നത വിദ്യാഭ്യാസത്തെ മാത്രമല്ല സാമാന്യ വിദ്യാഭ്യാസത്തെക്കൂടി തടയുന്നതാണു്. ഇവിടത്തെ അവശ സമുദായ വിദ്യാഭ്യാസത്തിനു അതൽകണ്ടുപ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്ന ബഹു. ഗവണ്മെൻറിൻെറയും വിദ്യാഭ്യാസ മേലദ്ധ്യക്ഷൻെറയും ദയാലുക്കളായ ജനപ്രതിനിധികളുടേയും മുമ്പാകെ അവശ സമുദായ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു വിസ്തൃതമായ വിശദീകരണത്തിനു ആവശ്യമില്ലെന്നാണെൻറെ വിശ്വാസം. ആകയാൽ ബഹു. ഗവർമ്മെൻറും ഈ സഭയും അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായിരിക്കുന്ന ഈ പ്രമേയത്തെക്കുറിച്ചു കരുണാപൂർവ്വം ചിന്തിക്കയും അനുകൂലമായ തീരുമാനം ചെയ്തു ഈ സാധുസമുദായങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം സഭയുടെ വിചിന്തനത്തിനു വിധേയമാക്കുന്നു.

MR. P. C. ADICHAN:— സർ, ഈപ്രമേയത്തോടു് ഞാൻ അനുകൂലിച്ചുകൊള്ളുന്നു. ൬ ൦ വയസ്സിനുമേൽ പ്രായത്തിയുള്ളവരെ പള്ളിക്കൂടങ്ങളിൽ ചേർക്കാൻ പാടില്ലെന്നുള്ള ഗവർമ്മെൻറിൻെറ രൂളിനെ സംബന്ധിച്ചിടത്തോളം അവശ സമുദായക്കാർ വളരെ ബുദ്ധിമുട്ടുകളും മറും അനുഭവിക്കുന്നുണ്ടെന്നാണു് എൻെറ അഭിപ്രായം. കുറേനാളുകൊല്ലത്തിനുമുൻപു് ഞാൻ ഒരു കുട്ടി ഒന്നാംക്ലാസ്സിൽ ചേർന്നതായി എനിക്കറിയാം. ഇപ്പോൾ മൂന്നാംക്ലാസ്സിലാണെന്നു തോന്നുന്നു പഠിക്കുന്നതു്. അയാൾ പബ്ലിക്ക് പരീക്ഷക്കു ചേരേണ്ട സമയം വരുമ്പോൾ എങ്ങിനെ ചേരുമെന്നു എനിക്കറിഞ്ഞുകൂടാ. ഇതു് എൻെറ സമുദായത്തിലാണു്. ഇപ്പോൾ വയസ്സു ൬ ൦ കഴിഞ്ഞു. സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

ഫൈനൽക്ലാസ് വരെ പഠിക്കാനാണു് ആ കുട്ടി ആഗ്രഹിക്കുന്നതെങ്കിൽ കായ്യം കുഴപ്പത്തിലായെന്നു തീർച്ചയാണല്ലോ. അതുപോലെതന്നെ അവശസമുദായങ്ങളിൽ മറ്റുള്ള ആളുകളുടെ പ്രേരണകൊണ്ടും മറ്റും താമസിച്ചു സ്കൂളിൽ ചേത്ത സാധുകുട്ടികൾം ഉണ്ടു്. അങ്ങനെ താമസിച്ചു സ്കൂളിൽ ഒന്നാംക്ലാസ്സിൽ ചേത്താൽ സ്കൂൾഫൈനൽക്ലാസിൽ വരുമ്പോൾ ൨൦ വയസ്സു് കഴിഞ്ഞു എന്നു വന്നേക്കാം. സ്കൂൾഫൈനൽ വിജയി ആകാനും സാധിക്കുകയില്ല. ഇതിനെസംബന്ധിച്ചു ഗവർമ്മെൻറു വേണ്ട വിധത്തിൽ അനുകൂലമായ തീരുമാനം ചെയ്യേണ്ടതാണു്. പൊതുവെയുള്ള ചില ചട്ടങ്ങളെ അവശസമുദായങ്ങളുടെ കായ്യത്തിൽ ഭേദപ്പെടുത്തി അവരെ സാഹായിച്ചുവരുന്ന എഡ്യൂക്കേഷൻ ഡയറക്ടർ അവർകൾം ൨൦ വയസ്സു് തികഞ്ഞ വിദ്യാർത്ഥികളെ സ്കൂളുകളിൽ പഠിപ്പിക്കുകയില്ല എന്നുള്ള പൊതു ചട്ടത്തിൽനിന്നു സാക്ഷരതാം കുറഞ്ഞ അവശസമുദായക്കാരെ വേർതിരിച്ചു് അവർക്കു രക്ഷയുണ്ടാക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. KAVIYOOR K. K. KOCHUKUNJU: സാക്ഷരതാം ഏറ്റവും കുറഞ്ഞതു ഏതു സമുദായമാണു്.

MR. P. C. ADICHAN : ഒന്നര ശതമാനമാണു്.

MR. KAVIYOOR K. K. KOCHUKUNJU : ഏതു ശതമാനമെന്നല്ല, ഏതു സമുദായം എന്നാണു് ചോദിച്ചതു്.

MR. P. C. ADICHAN : അതു് എന്റെ സമുദായമാണു്. ഇതുയും പറഞ്ഞുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാനും മി. കൊച്ചുകുഞ്ഞിന്റെ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലുള്ള, ഇതുപോലുള്ള സൗജന്യങ്ങൾം കൊടുക്കുന്നതു് ഏതൊരു ഗവർമ്മെൻറിന്റെയും — ഹരിജനോദ്ധാരണത്തിനായി ബദ്ധശ്രദ്ധരായിരിക്കുന്ന ഏതൊരു ഗവർമ്മെൻറിന്റെയും കടമയാണു്. മി. ഋതിച്ചൻ പറഞ്ഞതുപോലെ ൫ വ വയസ്സു് മുതൽപോലും പഠിപ്പിച്ചു തുടങ്ങാറുള്ളതുകൊണ്ടു് ൧൦ വയസ്സുവരെ എങ്കിലും അവശ സമുദായക്കാരെ സ്കൂൾഫൈനൽ ക്ലാസിൽ പഠിക്കുന്നതിനു്, എക്സംപ്റ്റ് ചെയ്യണമെന്നാണു് ഞാൻ അഭിപ്രായപ്പെട്ടതു്. ഇപ്രകാരം അവശത അനുഭവിക്കുന്ന ഈഴവസമുദായത്തെയും ഇങ്ങനെ ഒഴിവാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു. അതായതു ഉദ്യോഗത്തിൽ പ്രവേശിച്ചു് കൊല്ലം വളരെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan]

കഴിഞ്ഞതിനശേഷം മാത്രമേ ആ സമുദായക്കാർക്ക കൂടുതൽ പഠിക്കുന്നതിന സാധിക്കുന്നുള്ളു. അതിനാൽ അവർക്ക ൫ ൦ വയസ്സ എന്നുള്ള ക്ലപ്തസംഖ്യ വളരെ കുറഞ്ഞു പോകാനാണെളുപ്പം. ക്രമാതീതമായ ഉർഘടങ്ങൾ ഇതുകൊണ്ട് വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവർക്ക വരാമെന്നാണ എനിക്ക പറയുവാനുള്ളത്.

MR. KOTTALIL P. ABRAHAM : മറ്റ സമുദായക്കാരെ ഒഴിവാക്കുന്നതിൽ വല്ല തരക്കേടുമുണ്ടോ?

MR. A. K. KUMARAN VAIDYAN: അങ്ങനെ ആവശ്യപ്പെടാത്തിടത്തോളം കാലം അങ്ങനെയില്ലെങ്കിലും വിരോധമില്ലെന്നാണ്.

MR. PADIYARA JOSEPH KUNJU: എല്ലാ സമുദായക്കാരേയും വയസ്സ് ക്ലിപ്തത്തിൽനിന്ന ഒഴിവാക്കണമെന്നുള്ള ഒരു ഭേദഗതി മെംബർ ഭയവുചെയ്ത് റാജരാക്കാമോ?

MR. A. K. KUMARAN VAIDYAN : അതിനനുകൂലിച്ചുഎനിക്കഭിപ്രായമുള്ളു. എല്ലാ സമുദായക്കാരേയും ഇതിൽനിന്നൊഴിവാക്കേണ്ടതാണ്. ഇതിന് ഉദാഹരണമായി ഒരു സംഗതി പറയാം. സ്കൂൾഫൈനൽ ജയിച്ചു, എഫ്. എ. ജയിച്ചു, ബി. എ. ജയിച്ചു, എഫ്. എൽ. പാസായി, ബി. എല്ലിൽ എത്തി. ഒരു കൊല്ലം തോറ്റു, രണ്ടാമത്തെ കൊല്ലവും അതേ, മൂന്നാമത്തെ കൊല്ലവും തഥൈവ. നാലോ അഞ്ചോ കൊല്ലം വേണ്ടിവരുന്ന ബി. എല്ല് ജയിക്കാൻ. പഠിക്കുന്നതിന ശക്തിയില്ലാത്തതുകൊണ്ടല്ല, സൗകര്യമില്ലത്തതുകൊണ്ടായിരിക്കാം. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ എനിക്ക അറിയാം. അതായതു ഇവിടത്തെ ചേഷ്ക്കാരായിരുന്ന മി. എൻ. എസ്. രാമൻപിള്ള അവർകൾ നാലഞ്ചു കൊല്ലത്തോളമാണ് ബി. എല്ലിന ഒന്നായി ചേന്നത്. അതുവരെ ഒന്നിലും തോല്ക്കാതെ സകല ക്ലാസുകളിലും ജയിച്ചുകൊണ്ടാണ് അദ്ദേഹം വിദ്യാഭ്യാസം ചെയ്തിരുന്നതു. ഇങ്ങനെ വേറെയും ഒരാളെ എനിക്ക നേരിട്ടറിയാം. അതുകൊണ്ട് ഈ വയസ്സ് ക്ലിപ്തത്തിൽനിന്നും എല്ലാ സമുദായക്കാരേയും ഒഴിവാക്കേണ്ടതാണ്. വയസ്സിന്റെ പരിധിയിൽനിന്നുകൊണ്ട് നോക്കുകയാണെങ്കിൽ സ്ത്രീ വിദ്യാഭ്യാസത്തിന ഒരു അനുലോമഗതിയാണ് സംഭവിക്കുന്നതു. സ്ത്രീകൾക്ക സ്കൂൾഫൈനൽ പരീക്ഷവരെയും പഠിക്കുന്നതിന മിക്കവാറും സാധിക്കാതെയാണിരിക്കുന്നതു. ഈ ഒരു ന്യൂനത സ്ത്രീകളുടെ വിദ്യാഭ്യാസ വിഷയത്തിനു ദോഷമാണ്. എന്നാൽ ഈ വയസ്സ് ക്ലിപ്തത്തിൽനിന്ന അവരെ ഒഴിവാക്കാതിരുന്നാൽ വേറെ വിഷമമുണ്ടെന്നാണ് എനിക്ക പറയുവാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

MR. P. KUNJUKRISHNAN : ഇതിൽ എങ്ങനെയാണ് വിഷമമുണ്ടാകുന്നത്.

MR. A. K. KUMARAN VAIDYAN : സ്ത്രീജനങ്ങളെ ഞാൻ അപമാനിക്കുകയില്ല, ചെയ്യുന്നത്, സ്ത്രീകൾ അവർക്കുള്ള വീട്ടുകളും മറ്റുമെല്ലാം ഉപേക്ഷിച്ചു വിദ്യാഭ്യാസത്തിൽ മുന്നണിയിൽ എത്തണമെന്നു ഒരു അഭിപ്രായമുണ്ട്. എങ്കിലും തിരുവിതാംകൂറിൽ മാതൃഖണ്ഡത്തിലെ മറ്റെല്ലാ സ്ഥലത്തെക്കാളും വിദ്യാഭ്യാസ വിഷയത്തിൽ അവർ ഉന്നത നിലയിൽ ഇരിക്കുന്നു എന്നതു തീർച്ചയായ സംഗതിയാണ്. അതിനാൽ ആ വിഷയത്തിൽ ഇനി അധികം ക്ലേശിക്കേണ്ട ആവശ്യമില്ലാത്തതാണ്.

മുപ്പതോ മുപ്പത്തഞ്ചോ വയസ്സായ ഒരാൾക്കു സ്ക്രീനിംഗ് പരീക്ഷക്കു ചേരണമെന്നു തോന്നി. ചേർന്നു ജയിക്കുകയാണെങ്കിൽ ജയിച്ചുകൊള്ളട്ടെ. യൂറോപ്പു മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ൫൦-ം, ൬൦-ം, വയസ്സുവരെ ക്ലാസിൽ പഠിക്കുന്നവരുണ്ട്. അതുപോലെ ഒരു നിയമം ഇവിടെയും വരുത്തി എല്ലാവരും വിദ്യാഭ്യാസവിഷയത്തിൽ പുരോഗതി പ്രാപിക്കുന്നതിനു സമ്മതിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

MR. KOTTALIL P. ABRAHAM: ഗവണ്മെന്റിനു ഏതെങ്കിലും നഷ്ടം വരുത്തുന്ന ഒന്നാണോ ഇത്?

MR. A. K. KUMARAN VAIDYAN : അല്ല. അതിനാൽ ഈ വക കാര്യങ്ങളിൽ ധനപരമായും വിദ്യാഭ്യാസപരമായും വളരെ യോഗ്യത സമ്പാദിച്ചിട്ടുള്ള ഇന്നത്തെ ഡയറക്ടർ അവർകൾ ഏതെങ്കിലും തരത്തിൽ ഇതിനൊരു പരിഹാരം ഉണ്ടാക്കുമെന്നു വിശ്വസിച്ചുകൊണ്ട് പ്രമേയത്തെ പിൻതാങ്ങുന്നു.

MR. A. GOPALA MENON : വിദ്യാഭ്യാസ കോഡിലുള്ള ഏതു റൂളിനെ അസ്വദ്ധമാക്കിയാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നതെന്നു പറയാമോ?

MR. A. K. KUMARAN VAIDYAN : കഴിഞ്ഞകൊല്ലം ഇതിനെപ്പറ്റി പ്രത്യേകമായ ഒരുത്തരവ് ഉണ്ടായി എന്നാണ് ഞാൻ അറിയുന്നത്. അതായത് ൨൦ വയസ്സ് കഴിഞ്ഞവർക്കു സ്ക്രീനിംഗ് പരീക്ഷയിൽ ചേരാൻ പാടില്ലെന്നുള്ള ഒരു റൂൾ. അതുകൊണ്ടാണ് ഞാൻ ഇതുയും പ്രസ്താവിച്ചത്. കോഡിൽ ഉണ്ടോ ഇല്ലയോ എന്ന് എനിക്കു നിശ്ചയമില്ല. കൊണ്ടുവന്ന ഉപക്ഷേപം അനുസരിച്ചു പറഞ്ഞു എന്നെ അത്രമുള്ളൂ. അതിനാൽ ഈ നിയമം എടുത്തു കളയണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. T. T. KESAVAN SASTRI: സ്കൂൾഫൈനൽ ക്ലാസിൽ പരീക്ഷയ്ക്കു ചേരുന്ന വിദ്യാർത്ഥികളുടെ വയസ്സുക്രിയത്തെപ്പറ്റി ഗവണ്മെൻറ് ഇടയിടെ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

DEPUTY PRESIDENT: Order, order. The hon. member cannot put that question to the Director of Public Instruction now.

MR. KOTTALIL P. ABRAHAM: Sir, on a point of order. Since the Director of Public Instruction has put a question whether such a rule exists, it will be useful for the debate to know whether there is really such a rule and the Director of Public Instruction himself will be the most competent person to inform the House about the matter.

DEPUTY PRESIDENT: It is not exactly a point of order. The Director of Public Instruction may explain the position now before the debate proceeds further.

MR. A. GOPALA MENON: I thought it will save time if I pointed out that there is no such rule in the Education Code and that there is no prohibition against any pupil sitting for any examination provided that he has not appeared for more than three years for the E.S.L.C. Examination. If a person appears thirty-five times till his fifty-fifth year, I have not the slightest objection, provided the examination for which he is appearing is not the E.S.L.C. Examination.

The point, Sir, is that there has been a misconception with regard to Rule 69 of the Education Code. This rule lays down that—

> "Pupils below five years of age shall not be admitted to any recognised schools, except nursery and kindergarten schools. Pupils over twenty years of age shall not be admitted to remain in a school unless there is special reason for their retention. The decision as to whether the reason is sufficient or not shall rest with the Director".

The rule applies only to the retention of pupils in schools after they have completed 20 years of age. As for appearing for examination there is no objection whatsoever to the upward limit. There are rules restricting the admission of people below a certain age, but there is none so far in regard to people above a certain age. But I do not think that Government have the intention of introducing any such restriction. The point that is covered by the rule is that it is not desirable to allow pupils over 20 years of age to remain in a school when they have had their complete course, merely for the purpose of staring at their fellow-pupils or creating a confusion or in any way interfering with the discipline of the school. In these days when there is so much of co-education I thought it advantageous to give a warning in time that there will be a limit to set to the age beyond which a pupil will not be allowed to go to the classes so that there may be no difficulty about maintaining the discipline and generally preserving an atmosphere of peacefulness in the institution. That is all that is meant by the rule. There is no rule, as I said, prohibiting pupils above a certain age from appearing for the examination and it is not the intention of Government to introduce any such rule.

LIBRARY ARCHIVES Kerala Legislative Assembly

MR. KAVIYOOR K. K. KOCHU KUNJU : സർ, ഡയറക്ടർ അവർകളുടെ അഭിപ്രായത്തിൽനിന്നും, അവശസമുദായങ്ങളെ ബാധിക്കത്തക്കവണ്ണം പ്രത്യേകമായിട്ട ഒരു രൂപം ഉണ്ടായിട്ടില്ലെന്നു ഞാൻ ധരിക്കുന്നു. അങ്ങിനെയാണെങ്കിൽ ഈ പ്രമേയത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

The rosolution was, by leave, withdrawn.

RESOLUTION RE : GRANT FOR TEACHERS IN AIDED SCHOOLS.

MR. PADIYARA JOSEPH KUNJU : സർ, വളരെ പ്രാധ്യമായ ഒരു പ്രമേയം എനിക്കിവിടെ ഹാജരാക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇപ്പോൾ ഞാൻ ഈ സഭാസമക്ഷം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയം ഇതാണ്.

"This Assembly recommends to the Government that the grant allowed for teachers in aided schools should in no case fall below Rs. 10 per individual per mensem."

സർ, വളരെ പ്രാധ്യമായിട്ടുള്ള ഒരു കാര്യമാണ് ഇത്. ഈ പ്രമേയത്തെ എതിർക്കാൻ ഈ സഭയിൽ ആരുംതന്നെയുണ്ടെന്നു എനിക്കു വിശ്വാസമില്ല. ഇതു് അനേകം മൂകലക്ഷങ്ങൾക്കുവേണ്ടി വാദിക്കുന്ന ഒരു പ്രമേയമാണ്. ആയതിനാൽ സ്വദേശാഭിമാനിയും കരുണാനിധിയുമായ എന്റെ മാന്യസ്നേഹിതൻ വിദ്യാഭ്യാസഡയറക്ടർ മി. ഗോപാലമേനോൻ ഇതിനെ അനുകമ്പാപൂർവം വീക്ഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മുൻപ് എട്ടരരൂപ ഗ്രാന്റു കൊടുത്തുകൊണ്ടിരുന്ന അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽനിന്നും ഫർ ചക്രം പിടിച്ചെടുത്തിട്ട്, വെറും എട്ടു രൂപയാക്കിയ ഗവണ്മെൻറിന്റെ നിർദയത്വം പരിതാപകരം തന്നെ. സർ, അവർ ഈ എട്ടു രൂപകൊണ്ട് അവരുടെ ഒരു കുടുംബം മുഴുവനും പുലർത്തിക്കൊണ്ടുപോകണമെന്നു പറഞ്ഞാൽ, ഇപ്പോഴത്തെ കാലാവസ്ഥയിൽ അവരെ എത്രത്തോളം ദാരിദ്ര്യം ബാധിച്ചുകൊണ്ടിരിക്കുമെന്ന് കണ്ണാടിയിലെന്നപോലെ കാണാൻ കഴിയും.

SADASYATILAKA T. K. VELU PILLAI : ഗ്രാന്റു സ്കൂളിലെ മാനേജർന്മാർ അവർക്കു വല്ലതുംക്രമേണ കൊടുക്കുകയില്ലെ?

MR. PADIYARA JOSEPH KUNJU : ഈ വെറും എട്ടു രൂപയെയുള്ളുവെന്നാണ് എന്റെ അറിവ്. അതിൽനിന്നും ക്രമേണ ഒരു സംഖ്യ മാനേജർന്മാർ പിടിച്ചെടുക്കുന്നുണ്ട്. സർ, വയറുപിഴപ്പിനുവേണ്ടി ഒരു വമ്പിച്ച ജനവിഭാഗം മുറവിളിക്കൂട്ടുമ്പോൾ, ഇലക്ട്രിക് പങ്കായുടെ കീഴിലുള്ള കൃഷിയൻ ചെയറിലിരുന്നു സച്ഛന്ദം വിഹരിക്കുന്ന മഹാനുഭാവന്മാർ ഈ ദീനരോദനത്തെപ്പറ്റി കേട്ടഭാവംപോലും നടിക്കാത്തതു് കഷ്ടാൽകഷ്ടതരം തന്നെ. ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണം ജനങ്ങൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju]

തന്നെ ചെലവാക്കിക്കൊണ്ടിരിക്കുന്നുവെങ്കിൽ ഒരു പരാതിക്കും അവകാശമില്ല. സ്റ്റാൻഡാർഡിസേഷൻപ്രകാരം ഇന്നയിന്ന ഉദ്യോഗസ്ഥനു ഇന്നയിന്ന ശമ്പളമേ കൊടുക്കാവൂ, എന്നുള്ള നിയമത്തെ തിരെ അതിലംഘിച്ച്, ശമ്പളത്തിന്റെ രണ്ടും മൂന്നും ഇരട്ടി ക്ലർക്കുമാർ കൊടുത്താണു ഓരോ സ്ഥാനങ്ങളിലും പല വലിയ ഉദ്യോഗസ്ഥന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഗ്രാൻറ്റ്സ്സ്കൂൾ അദ്ധ്യാപകന്റെ വിശപ്പു തീരുകയില്ല. ഇന്നു് ഒരു ഗവണ്മെൻറ്റ്സ്കൂൾ അദ്ധ്യാപകനോടൊപ്പംതന്നെ അവരും ജോലി ചെയ്യേണ്ടിയിരിക്കുന്നു. സർ, ഇപ്പോഴത്തെ യുദ്ധാപരിതസ്ഥിതിയിൽ അങ്ങയുടെ കാരുണ്യമുണ്ടായി താഴ്ന്ന ശമ്പളക്കാർക്കെല്ലാം ഓരോ രൂപ ക്ലർക്കൊടുത്തിരിക്കുന്നു. എന്നിട്ടും ഗ്രാൻറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യം അവഗണിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ, ഈ ദുരവസ്ഥയിൽ, ഇതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ പിന്നെയെന്നാണു് ഇതു് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെടുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. നമുക്കു ഒരു വലിയ മിച്ചം ഉണ്ടാക്കിവച്ചിട്ടുണ്ടെന്നു ഫിനാൻഷ്യൽ സെക്രട്ടറി ഇവിടെ പ്രസ്താവിക്കയുണ്ടായി. അങ്ങനെ ഒരു വമ്പിച്ച തുക മിച്ചമുണ്ടെങ്കിൽ, അതിൽനിന്നും പ്രതിമാസം ഇവർക്കു ൫൦ രൂപ കൊടുക്കാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. അതിനാൽ ഗവണ്മെൻറിനേറയും ഡയറക്ടർ അവർകളുടേയും ദയാദൃഷ്ടി ഈ കാര്യത്തിൽ പതിയണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം സഭയുടെ അംഗീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

SADASYATILAKA T. K. VELU PILLAI: I second the motion. At first I thought that it will be too big an order to Government that grant in-aid should be so high as Rs. 30. I thought that the Government is to give a grant equal to the sum which the management gives to its teachers. But I learn from my neighbour and I also remember from what the Deputy President said yesterday, though not in very express terms, that very often the management so contrives the business that the poor teacher who is obliged to shout from ten' o clock in the morning to four 'o' clock in the afternoon with very little food, with very little of the cheerfulness and the comforts of life, who, when he started for school saw half a dozen children almost on the verge of starvation does not get enogh to live. I think Sir, that the Director of Public Instruction and the Government will take into consideration the circumstances that obtain in this country in the Education Department, so far as the grant-in-aid school teachers are concerned. I am talking Sir, with what I believe to be a sense of responsibility when I say that though a great deal of money will have to be ear-marked for this

LIBRARY ARCHIVES Kerala Legislative Assembly

purpose, an attempt may be kindly made in this direction. I am talking on this motion, Sir, because I find that the House is rather empty and I did not want Mr. Padiyara Joseph Kunju to feel lonely. Seeing the very small number of members present here, I thought that I must discharge an obligation which I owe to the House. I find the Deputy President occupying the Chair instead of the President. But I would invite the eyes of my friends to the Chair so that Sir, if one who has got a loud voice does not come to the rescue Mr. Padiyara Joseph Kunju may stand on the verge of having his resolution lost. That is the reason why I am particularly emphasising this argument. I hope Sir, that when questions like this are discussed the representatives and leaders of the great parties will be present. Yet, there are some members present and I am addressing my observations to them.

Sir, that the constructive suggestion that I wish to offer—I do not know whether there may be limitations, and I may be forgiven if I am wrong—is that it is high time that bad institutions should, if possible, be weeded out. Especially in educational institutions if the management contrives some method by which they benefit themselves at the expense of the poor teachers, if the entries in books, day books and ledgers are fabricated, if the entries do not tally with actual transactions and receipts of money and disbursements, it is high time that we cry halt to this system of grant-in-aid. I am sure that during the last few years there has been a very great improvement and I was very happy to hear from the Director of Public Instruction himself that there is vast improvement. I cannot however shake off my memory, my own experience, Sir, when I was a teacher of a school 35 years ago. The school was owned by a certain person who was both proprietor and manager. He had a very high position in the public life of the country. I went in there as a Malayalam Munshi in the first instance. It was before I joined in the Law College. The pay that was offered to me was, I believe Rs. 25. Then there was a very faithful treasurer in that institution. He gave me Rs. 18 and asked me to affix my signature for having received Rs. 25. I said—the little mathematics that I know does not enable me to take Rs. 18 as equivalent to Rs. 25. The matter was reported to the Manager who was also the headmaster. The matter was reported to the Manager. Then he called me and asked "well Mr. Velu Pillai, why don't you sign." Then I answered that I was prepared to sign, but I could not sign for Rs. 25 when the actual amount received was only Rs. 18. If that was the state of affairs in those days, what would be the condition now? He turned round and asked the Treasurer "what is the meaning of your asking him to sign for Rs. 25 when you give him only Rs 18." During all these years these people have been persisting in this practice and spoiling the profession of education. I have got very great respect for people who take up the work of management of schools even though they are unable to make some money. But I do emphasise the aspect that if the management is proper and if the

LIBRARY ARCHIVES Kerala Legislative Assembly

[Sadasyatilaka T. K. Velu Pillai]

management by gradual improvement is able to take care of the money that is given to it and spend less for other purposes than giving it to the teachers and in case that the management can give a certain amount of money regularly every month to the teachers, I am entirely for the Government contributing an equal sum. At any rate the poor teacher should get at least Rs. 13 or Rs. 14 per mensem. If he does not get enough and if he is not able to put enough into his mouth, how can you expect him to teach the young boys and girls belonging to the various communities and who are destined to be the future citizens of the State. I know I am speaking with certain limitations. I know that Government cannot spend too much on this matter. I urge upon the attention of the Department and the Government for a proper investigation to be made with regard to the payment of receipts and the method of keeping accounts. I pray that Government be pleased to sanction such an amount that these poor teachers may get at least Rs. 14 or Rs. 15. With these words I am happy to support the motion.

MR. K. R. NARAYANAN : സർ, ഗ്രാൻറുസ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനെപ്പറ്റി ഈ സഭയിൽ വിശേഷിച്ച് ഒരു പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇവരെ പ്പറ്റി സാധാരണ ജനങ്ങൾ പറയുന്നതു്, വൃശ്ചിപാ പട്ടാളക്കാർ എന്നാണു്. ഈ പേരു് അവർക്കു എത്രമാത്രം യോജിക്കുമെന്നിരുന്നാലും അവരുടെ ഇപ്പോഴത്തെ നിലയെ പരിഗണിക്കുമ്പോൾ ഈ പേരു് വൃശ്ചിപാ പട്ടിണിപട്ടാളക്കാർ എന്നു തിരുത്തിയാൽ കൊള്ളാമെന്നും എനിക്കു തോന്നുന്നു. ഇതിനെപ്പറ്റി ഗവണ്മെൻറിനെ പ്രത്യേകമായി ഉൽബോധിപ്പിക്കേണ്ട ഒരു ആവശ്യവുമില്ല, എന്നു ഞാൻ പറഞ്ഞു കഴിഞ്ഞു പക്ഷെ ഈ കാര്യം നടപ്പിൽവരുത്തുകയെന്നുള്ളതു് കേവലം അസാദ്ധ്യമായിട്ടാണിരിക്കുന്നതു്. എന്തെന്നാൽ ഈ സഭയിൽ എന്തെങ്കിലും ഒരു കാര്യം പാസാക്കുക എന്നുള്ളതുതന്നെ, പാറാവളയത്തിനകത്തു ഒട്ടകത്തിനെ കടത്തിവിടുന്നതുപോലെയാണു്. എന്നാൽ ഈ കാര്യം അങ്ങിനെയല്ല. ഇതു് ഇതിനുമുൻപുതന്നെ ഒന്നു രണ്ടുതവണ ഇവിടെ പാസ്സായിട്ടുള്ള സംഗതിയാണു്. എന്നാൽ ഇതുവരെ അതു നടപ്പിൽ വരുത്തിയിട്ടില്ലാ എന്നുള്ളതെയുള്ളൂ. എന്നാലും ഇതു് ഒരു നല്ല അവസരമാണെന്നു എനിക്കറിയാം. സാധാരണയായി ഒരു യോഗം കഴിയുമ്പോൾ മംഗളഗാനം ഒരു പതിവുണ്ടു്. അതുപോലെ നമ്മുടെ നിയമസഭയുടെ ഫൈനൽ ഒന്നാണ്ടത്തെമംഗളഗാനം പാടാൻപോകുന്ന ഒരവസരമാണു് ഇതു്. അതു് അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കണമെന്നുള്ള ഒരു മംഗളഗാനമാണു്. അങ്ങിനെ മംഗളകരമായ ഒരു മംഗളഗാനത്തോടുകൂടി അവസാനിപ്പിക്കുവാൻ പോകുന്നതു് വളരെ നന്നായിട്ടുണ്ടു്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ഗാനകർത്താവു സാക്ഷാൽ ഗോപാലൻ തന്നെയാണു്. ഈ ഗോപാലൻതന്നെയാണു് സാക്ഷാൽ സരസ്വതിയെ ഇപ്പോൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതു്. ആ നിലയ്ക്കു പ്രീണിതചിത്തയായിത്തീർന്ന സരസ്വതീദേവിയുടെ ഗാനാലാപത്തിൽ ഉന്മേഷചിത്തനായ സാക്ഷാൽ ഗോപാലന്റെ ഈ മംഗളഗാനത്തെ ഏറ്റുപാടാൻ വടക്കൻ പറവൂർ മുതൽ കന്യാകുമാരിവരെയുള്ള സകലമാനജനങ്ങളും ഒരുങ്ങിയിരിക്കയാണെന്നുള്ളതു് എനിക്കു ഉറപ്പായി പറയാൻകഴിയും. ആയതിനാൽ ഈ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ ഇപ്പോഴത്തെ ദയനീയാവസ്ഥയെ പരിഹരിക്കാൻ കഴിയുന്നവിധത്തിലുള്ള സഹായങ്ങൾ ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷൻ ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. T. C. KESAVA PILLAI : സർ, ഗ്രാൻറു് പള്ളിക്കൂടം അദ്ധ്യാപകന്മാരെ സംബന്ധിച്ചാണു് ശക്തിമത്തായ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുള്ളതും അതിനെ സംബന്ധിച്ചു് ഏതാനും മാന്യന്മാർ പ്രസംഗിക്കുകയും ചെയ്തിട്ടുള്ളതു്. ഈ വിഷയത്തെ സംബന്ധിച്ചു് തുടർച്ചയായി കുറെക്കാലങ്ങൾകൊണ്ടു് നിയമസഭയിലും മറും വാഗ്പ്രതിവാദങ്ങൾ ചെയ്തിട്ടുണ്ടു്. ഈ ഗ്രാൻറുപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു് എട്ടുരൂപാ മാത്രമാണു് ശമ്പളം ലഭിക്കുന്നതു്. ഇവരെപ്പോലെയുള്ള സർക്കാർപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർക്കു് ഫ ഉ രൂപയോളം ശമ്പളം ലഭിക്കുമ്പോൾ, ഇവരുടെ ശമ്പളം വ രൂപായിൽനിന്നും ഫ ൦ രൂപാവരെയെങ്കിലുമാക്കണമെന്നാണു് ഇപ്പോൾ അഭ്യർത്ഥിക്കുന്നതു്. ഇതിനൊരു പരിഹാരമുണ്ടാകുന്നതുവരെ ഈ പരാതി ഞങ്ങൾ പറയുകതന്നെ ചെയ്യും. ഇതിനൊരു പോംവഴി കണ്ടുപിടിക്കുന്നതിനു് തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിലെ സ്ഥാപരസ്ഥംഭവും മഹാനുഭാവനുമായ ശ്രീമാൻ ഗോപാലമേനോൻ അവർകൾ വിചാരിച്ചാൽ കഴിയുന്നതാണു്. എന്നാൽ ഇപ്രകാരം ശാശ്വതമായ ഒരു തീരുമാനമുണ്ടാക്കുന്നതിനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടാകുമോ എന്നു സംശയമാണു്. കാരണം പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുന്ന ഈ വിദ്യാഭ്യാസവകുപ്പുകാർ ഈ വിഷയത്തിൽ ഗവണ്മെൻറു് മുമ്പാകെ സമർപ്പിക്കേണ്ടതായ ഒരു നിർദ്ദേശം സ്ഥിരമായും വിപുലമായും വരത്തക്ക ഒരു നിർദ്ദേശമായിരിക്കും. നാട്ടിൻറെ ഓരോ ഭാഗത്തും സമുദായങ്ങളുടെ വകയായോ മതപരമായോ മറെറല്ലാവിധമായ സ്ഥാപനങ്ങളും ഉണ്ടു്. ഇപ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളെ എല്ലാം അടിച്ചുടച്ച് ഒരു ഭരണ സമിതിയുടെ കീഴിലാക്കി, ആ വ്യാപ്തിക്കകത്തുള്ള സർവ്വമതസ്ഥന്മാരുടെയും രണ്ടോ മൂന്നോ സ്ഥാപനങ്ങൾമാത്രം ഉപയോഗിക്കുന്നതായിരിക്കും പ്രായോഗികമായ നടപടി. വില്ലേജ് പഞ്ചായത്തുകൾ നാട്ടിന്റെ ഓരോ ഭാഗത്തും വരുന്ന കാലത്ത് ഈ അധികാരാർത്തിയിലുള്ള ഗവണ്മെൻറ്സ്കൂളുകൾ, സമുദായപരമായോ മതപരമായോ ഉള്ള സ്ഥാപനങ്ങൾ ഇവയെല്ലാം ആ വില്ലേജ് പഞ്ചായത്തിന് അധികാരാർത്തിയിൽ കൊടുക്കണം. ഈ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരെയെല്ലാം വില്ലേജ് പഞ്ചായത്ത് നിയമിക്കണം. ഗവണ്മെൻറിൽനിന്നും കൺസോളിഡേറ്റഡ് ഗ്രാൻറ് ഈ പഞ്ചായത്തിനു കൊടുക്കണം. അവർ ഇതിനെ സമമായി വീതിച്ച് സർക്കാർ സ്കൂളദ്ധ്യാപകന്മാരെന്നോ ഗ്രാൻറ് സ്കൂളദ്ധ്യാപകന്മാരെന്നോ ഉള്ള ഭേദംകൂടാതെ ശമ്പളം കൊടുക്കണം. ഇപ്രകാരം ചെയ്യാൻ ഈ വകുപ്പിലെ മേലദ്ധ്യക്ഷനു ധൈര്യം വരുകയില്ല. അദ്ദേഹത്തിനു ധൈര്യമില്ലാത്തതുകൊണ്ടല്ലാ ഞാനിപ്രകാരം പറഞ്ഞതു്. എന്നാൽ ഒരു പ്രത്യേകസമുദായത്തിലുൾപ്പെട്ട ഒരാൾ മറ്റു സമുദായപരമായും മതപരമായും പ്രവർത്തനം നടത്തിവരുന്ന സ്ഥാപനങ്ങളെ അടിച്ചുടച്ച് ഒരു ഏകസ്ഥാപനമാക്കാൻ മടിക്കും.

DEPUTY PRESIDENT: However interesting the scheme may be, it is not covered by the resolution.

MR. T. C. KESAVA PILLAI : ഇതുയും പറഞ്ഞുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. N. NARAYANA KURUP : സർ, ഈ പ്രമേയത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇന്നലെ ഇവിടെ സ്ഥാപിച്ചതുപോലെ, ഫോർത്ത്ക്ലാസ്സ് ൻ-ാംക്ലാസ്സ് ഈ പരീക്ഷകളിൽ ജയിച്ച് ടെയിനിംഗ് കഴിഞ്ഞതിനു ശേഷവും ഗവണ്മെൻറുദ്യോഗം കിട്ടാതെനിരാശയോടുകൂടി, എന്തെങ്കിലും ഉപജീവനമാർഗ്ഗം കിട്ടിയാൽ മതി, അൽപ്പപട്ടിണിയെങ്കിലും നീങ്ങിക്കിട്ടുമെന്നുള്ള ഉദ്ദേശത്തിൽ, ഗ്രാൻറുപള്ളിക്കൂടങ്ങളെ ആശ്രയിച്ച് സമാധാനബുദ്ധിയോടുകൂടി ജീവിക്കുന്ന ഒരു കൂട്ടരാണു ഈ അദ്ധ്യാപകന്മാർ. ഇവർ ൻ-ാംക്ലാസ്സുവരെ മലയാളഭാഷ നല്ലവണ്ണം പഠിപ്പിക്കുന്നതിനു യോഗ്യതയുള്ളവരാണെന്നു എഡ്യൂക്കേഷൻ വകുപ്പുകാർതന്നെ സമ്മതിച്ചിട്ടുള്ള ഒരു പാരമാർത്ഥമാണ്. എങ്കിലും ഇംഗ്ലീഷു മിഡിൽസ്കൂളിലും, ഹൈസ്കൂളിലും മലയാളം പഠിപ്പിക്കാൻ ഇക്കൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

അയോഗ്യരാണെന്നതെ വിദ്യാഭ്യാസഡിപ്പാർട്ടമെൻറ പറയുന്നതു്. ഇതു വളരെ വിചിത്രമായിരിക്കുന്നു. ഈ അദ്ധ്യാപകന്മാർക്കു പ്രതിമാസം കിട്ടുന്ന ശമ്പളം വെ രൂപായാണു്. രണ്ടുനേരത്തെ ആഹാരത്തിനു കഷ്ടിച്ചു മതിയാകും. എന്നാൽ ഇവക്കു് ഒരു കുടുംബംകൂടിയുണ്ടെങ്കിൽ പട്ടിണിയുടെ പാരമ്യം പറയുവാനുമില്ല. ഇപ്രകാരമുള്ള അദ്ധ്യാപകന്മാരെയാണു് നമ്മുടെ കുട്ടികളുടെ അജ്ഞാനാന്ധകാരം നീക്കുവാനായി നിയോഗിച്ചിട്ടുള്ളതു്. സാധുജനങ്ങളുടെ സംരക്ഷണാർത്ഥം സകലതും ചെയ്യാൻ തയ്യാറായിരിക്കുന്ന മഹാരാജാവു തിരുമനസ്സിലെ ഗവണ്മെൻറു് ഇതുകൊണ്ടുണ്ടാകാവുന്ന നഷ്ടത്തെ അവഗണിച്ചു്, ഈ സാധുക്കൾക്കു് പത്തുരൂപായെങ്കിലും ഗ്രാൻറുകൊടുക്കണമെന്നപേക്ഷിക്കുന്നു. എന്നാൽ ഗ്രാൻറു കിട്ടുമെന്നുള്ള ആശയോടുകൂടി വെറും അംഗീകാരം മാത്രം ലഭിച്ചതിനുശേഷം ന, ര, ള കൊല്ലം ഗ്രാൻറുസ്കൂളുകളിൽ വെറുതെജോലി ചെയ്യുന്ന അദ്ധ്യാപകന്മാരും ഉണ്ടു്. അവർക്കു് ഒരു രൂപായും ഗ്രാൻറു കിട്ടുന്നില്ല. അവക്കും ഗ്രാൻറുകൊടുക്കേണ്ടതു അത്യാവശ്യമാണു്. ഗ്രാൻറു പത്തുരൂപയാക്കണം. എന്നാൽ എൻെറ സ്നേഹിതൻ മി. കെ. ആർ. നാരായണൻ പ്രസ്താവിച്ചതുപോലെ "ഗോപാലൻ" വരം കൊടുക്കാനുള്ള അധികാരമില്ലാതെപോയി. ഗ്രഹമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കാനല്ലാതെ പത്തുരൂപ കൊടുക്കാമെന്നു പറയാൻ അധികാരമില്ല. ഉണ്ടെങ്കിൽ തീർച്ചയായിട്ടും അദ്ദേഹം അങ്ങനെ ചെയ്യുമായിരുന്നു. സാധുക്കളോടു വളരെ അനുകമ്പയുള്ള സമർത്ഥനായ വിദ്യാഭ്യാസഡയറക്ടർ അവർകൾ ഇവക്കു പത്തുരൂപാവരെ കൂടട്ടേ എന്നു് ആശംസിക്കുകയും, അതിനുവേണ്ടി ശ്രമിക്കുകയും അധികാരസ്ഥാനങ്ങളിൽ ശക്തിയുക്തം വാദിക്കയും ചെയ്യണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഈ പ്രമേയത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

MR. M. L. JANARDANAN PILLAI: I would not ordinarliy have wished to take part in this discussion. But having heard some of my honourable friends, I wish to speak a few words.

Government expect all the officers and all those who are directly and indirectly associated with Government Departments to live and function as effectively as possible. I suppose it will be conceded by all, by the Director of Public Instruction and the Government that they expect the management school teachers to go to the school and have the necessary strength in his body to teach the children committed to his care. When Rs. 16 is the price of a bag of rice, still the Government think that the grant-in-aid school teacher must be satisfied with Rs. 8—and the amount that he is able to secure from the management. I think it is time for us to tell the Government and the Director of Education that they have to take up this matter seriously. Otherwise

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. L. Janardanan Pillai.]

the education that will be imparted by that sort of teachers is going to suffer and very seriously suffer. Who are the people who are indirectly going to suffer by this neglect, by this want of attention and want of necessary safeguards for ensuring the contentment of the school master? It is the boys, it is the future generation who are going to suffer. Having cried and payed so much, and having made repeated arguments on the floor of this House, year after year, I do not think that any more arguments are necessary to convince the authorities that the sum of Rs. 8—is not sufficient for a school master to make both his ends meet. His condition is more pitiable if he happens to be the father of 3 or 4 children. Therefore, I think, this matter should engage the serious attention of Government as well as the Department. There is no use in expecting a person to carry on his duties satisfactorily if he is not in a position to keep body and soul together. With these observations I support the motion.

MR. P. S. MAHOMED : സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങി രണ്ടുവാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഗ്രാൻറ്റ്സ്കൂൾ അദ്ധ്യാപകന്മാക്ക് ഫ്രീ ഗ്രൂപ ഗവൺമെൻറിൽനിന്നും ഗ്രാൻറുകൊടുക്കുന്നുണ്ടെങ്കിൽ അതു് വളരെ നല്ലകാര്യമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. അങ്ങനെ ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ഇതിന് സാധിച്ചില്ലെന്നുവരികിൽ ഇപ്പോൾ അനുവദിച്ചിട്ടു ള്ള ഈ വാറ ലവൻസ് ഡിപ്പാർട്ടുമെൻറ്റ്സ്കൂളുകളിലുള്ള വാദ്ധ്യാന്മാക്ക് കൊടുക്കുന്ന ഈ സന്ദർഭത്തിൽ ഈ പാവപ്പെട്ടവരുടെ കാര്യം വിസ്മരിക്കരുതെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. A. GOPALA MENON : ഇപ്പോൾ ഒന്നുമില്ലാത്തവക്ക് കൊടുക്കാതിരുന്നാൽ മതിയോ?

MR. P. S. MAHOMED : അവക്കും തീച്ചയായിട്ടും കൊടുക്കണം. ഈ അലവൻസ് മറുള്ളവക്ക കൊടുക്കുമ്പോൾ ഗ്രാൻറ്റ്സ്കൂൾ അദ്ധ്യാപകന്മാരെക്കൂടി ആ ക്രട്ടത്തിൽ ഉൾപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു.

MR. PADIYARA JOSEPH KUNJU : ഈ രീതിമാറി അദ്ധ്യാപകന്മാർ തന്നെ ഗവൺമെൻറിൽനിന്നും നേരിട്ട് ഗ്രാൻറുകെട്ടിവാങ്ങിക്കത്തക്കവണ്ണം ഏർപ്പാടുചെയ്യാൻ മയവുണ്ടാകുമോ?

MR. A. GOPALA MENON : അതിനെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നതു്.

MR. P. S. MAHOMED : വാറലവൻസിനത്തിൽ പ്രത്യേകമായി ഒരുതുക കൊള്ളിച്ചിട്ടുള്ളതു് ഗ്രാൻറിനത്തിൽ ഉൾപ്പെട്ടതല്ലല്ലോ. അതിൽനിന്നും ഒരു ചെറിയ തുക ഗ്രാൻറ്റ്സ്കൂൾ അദ്ധ്യാപകന്മാക്കുകൂടി കൊടുക്കാൻ മയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. GOPALA MENON : അതു് ചെയ്യേണ്ടതു് ഗവണ്മെൻറാണു്. ൻ-ലക്ഷത്തിൽ ചിലപ്പോൾ രൂപ ഇപ്പോൾ ഗ്രാൻറിനത്തിലുണ്ടു്.

MR. P. S. MAHOMED : ഈ വാറലവൻസ് പ്രത്യേകഒരിനമാണല്ലോ അതു തുക അല്പംകൂടി കൂട്ടി അതിൽ ഒരംശം ഇവക്കുകൂടി കൊടുക്കാൻ സാധിക്കയില്ലേ?

MR. A. GOPALA MENON : അതു ചെയ്യേണ്ടതു് ഞാനല്ലെന്നു പറഞ്ഞല്ലോ.

MR. KOTTALIL P. ABRAHAM : ഈ വാറലവൻസ് അവക്കുകൂടി കൊടുക്കേണ്ടിവന്നാൽ എത്രരൂപ വേണ്ടിവരും?

MR. A. GOPALA MENON : അതു് കണക്കുനോക്കി പറയാം. എട്ടുലക്ഷംരൂപ പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാർക്കുതന്നെ കൊടുക്കുന്നുണ്ടു്. എട്ടുരൂപ ക്രമത്തിനു് എട്ടുലക്ഷം രൂപ വേണമെങ്കിൽ ഒൻപതുരൂപ ക്രമത്തിനു് ഒൻപതുലക്ഷം രൂപ വേണം. അങ്ങിനെ ഒരു ലക്ഷം രൂപ കൂടുതൽ വേണ്ടി വരും. ഈ അവസരത്തിൽ ഇതിനെല്ലാം. ഗവണ്മെൻറിനു സാധിക്കുമോ എന്നു് എനിക്കു സംശയമാണു്.

MR. PADIYARA JOSEPH KUNJU : ഒരു സർപ്ലസ് ബഡ്ജറല്ലേ ഇപ്പോഴുള്ളതു് ? എന്തുകൊണ്ടു് മിച്ചമുള്ള തുകയിൽനിന്നും ഒരു ഭാഗം ഈ സാധുക്കൾക്കുകൂടി കൊടുത്തുകൂടാ എന്നാണു് ഞാൻ ചോദിക്കുന്നതു്?

MR. A. GOPALA MENON : ബഡ്ജറു് തയ്യാറാക്കുന്നതു് ഉണ്ടാകാൻ പോകുന്ന വരവുചിലവുകളെ കണക്കാക്കിയാണു്. ചിലപ്പോൾ ഈ പ്രതീക്ഷയ്ക്കു് കാലസ്ഥിതിക്കനുസരണമായി വല്ല മാറ്റങ്ങളും ഉണ്ടായി എന്നും വരാം.

Let us see how these teachers are employed. Who are they? Or, how do they come into the schools? They are employed by the Private Managements and the Government only approves such appointments. We only see whether they have the necessary minimum qualifications for teaching, and whether they can do their work properly. If, tomorrow the management says that "this man did not stand up when he saw me" or "I saw this man at such and such places and therefore I remove him". The Department would say, "send him away we don't know anything about it". The grant-in-aid school teacher is a creature of the management. If I want to impose a fine on him I must issue the order through the management. That is the position. What I say is, that he is an employee of the

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Gopala Menon.]

management and the Department only pays a contribution towards his salary. It is known that the teacher does other work also for the management. I have got the authority of a big management writing to me and asking that the Department should give a guarantee that teachers would be allowed to carry on certain religious and propaganda work, and unless that is granted they will not be sent up for training! That is, the management looks upon the teacher as its own creature. With great difficulty and with the steady and persistent support of our generous Dewan I have been able to give some protection to these teachers against arbitrary dismissals and against being treated as the slaves and chattels of the management. We are prepared to do more in the same direction. The Government are even trying to see whether some kind of aid is not possible to the teachers who do not get anything. I do not think that Government can afford to give me a very large amount at this juncture, but I have hope they would give me enough to enable me to carry out at least a part of this proposal. I trust that no honest minded or a right thinking citizen can suppose that it is possible to get the teachers to work for nothing.

SADASYATILAKA T. K. VELU PILLAI: Was there any case in which prosecution was launched against any management for cooking up false accounts?

MR. A. GOPALA MENON: There have been cases. I think it was between the teacher and the manager of particular schools. The Department takes care not to get involved in such legal matters. Consequently, my point is that we have got certain administrative powers and those powers I am prepared to place at the disposal of the teachers and with the strong support of Government, but in this matter, so far as the salary of those teachers is concerned,

DEPUTY PRESIDENT: The House will now adjourn *sine die*.

The House adjourned *sine die* at 5 p. m.

V. S. ARUMUKHOM PILLAI,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly